LIBRARY ARCHIVES Kerala Legislative Assembly

പാറാട് സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം

288 (673) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാറാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിലെ സ്ഥലപരിമിതി കാരണം ഉപഭോക്താക്കളും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാറാട് സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(സി) പാറാട് സെക്ഷൻ ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) പാറാട് സെക്ഷൻ ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്. നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസിന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം തദ്ദേശഭരണ സ്ഥാപനങ്ങളോ, മറ്റ് സന്നദ്ധ സംഘടനകളോ, വ്യക്തികളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

കലഞ്ഞൂർ കെ.എസ്.ഇ.ബി. ഓഫീസിന് കെട്ടിടം

289 (674) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂരിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസിന് പഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ചിട്ടുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂരിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്ത് നൽകാമെന്ന് സൂചിപ്പിച്ചിട്ടുള്ള സ്ഥലം പുനലൂർ- മൂവാറ്റുപുഴ സംസ്ഥാന പാതയുടെ (മലയോര ഹൈവേ) വികസനവുമായി ബന്ധപ്പെട്ട് വിട്ടുനൽകിയിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണത്തിന് തികച്ചും അപര്യാപ്തമാണ്. ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം തദ്ദേശഭരണ സ്ഥാപനങ്ങളോ സന്നദ്ധസംഘടനകളോ വ്യക്തികളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.